ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) വിയ്യൂർ സെൻട്രൽ ജയിലിൽ ഒരു വിഭാഗം തടവുകാർ അക്രമങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇത്തരം അക്രമങ്ങൾ അവസാനിപ്പിക്കാൻ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിക്കുകയും അക്രമങ്ങൾക്ക് ഉത്തരവാദിയാകുന്നവർക്കെതിരെ ജയിൽ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

ജനമൈത്രി എക്സൈസ് ഓഫീസ്

26 (*176) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി എക്സൈസ് ഓഫീസ് ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ഉണ്ട്. ഇതിന്റെ ഭാഗമായി അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പാക്കി അതിലൂടെ മദ്യ-മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ഉപഭോഗംമൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി "ലഹരിമുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക, മദ്യ-മയക്കുമരുന്നുകളുടെ ഉൽപ്പാദനവും വിപണനവും ഇല്ലായ്മ ചെയ്യുക, ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണം ഉറപ്പാക്കി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽകൊണ്ടുവരിക എന്നീ ലക്ഷ്യങ്ങളാണ് ജനമൈത്രി എക്സൈസ് എന്ന പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ആദിവാസി ഊരുകളിലെ ഊരുമൂപ്പൻമാർ, അട്ടപ്പാടിയിലെ സ്ത്രീ ശാക്തീകരണ സംഘടനയായ മഹിളാ സാമൂഹിക തായ്വഴ സംഘം, കുടുംബശ്രീ, എല്ലാ എക്സൈസ് റേഞ്ചിന്റെയും അധികാര പരിധിയിലുള്ള സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വ്യാജമദ്യം, ലഹരിവസ്തുക്കൾ എന്നിവയുടെ ഉത്പാദന വിപണന കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മദ്യ-മയക്കുമരുന്ന് മാഫിയകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(സി) അട്ടപ്പാടി ജനമൈത്രി എക്സൈസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 15 അംഗങ്ങൾ ഉള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആയതിലേക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ-1, എക്സൈസ് ഇൻസ്പെക്ടർ-1, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ-1, പ്രിവന്റീവ് ഓഫീസർ -3 , സിവിൽ എക്സൈസ് ഓഫീസർ - 8 എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത സ്ക്വാഡിന്റെ രൂപീകരണം ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ ഗുണപരമായമാറ്റം വരുത്തിയിട്ടുണ്ട്. ആദിവാസി ഊരുകളിലെ ഊരുമൂപ്പൻമാർ, അട്ടപ്പാടിയിലെ സന്നദ്ധ സംഘടനകൾ, കോളേജുകൾ, സ്കൂളുകൾ, ഐ.റ്റി.ഐ., പോളിടെക്നിക്കുകൾ, ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. പോലീസ് ഫോറസ്റ്റ് വകുപ്പുകളുമായി ചേർന്നും സംയുക്ത റെയ്ഡുകൾ നടത്തിവരുന്നു.

പി.എസ്.സി. റാങ്കലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണം

27 (*177) ശ്രീ. കെ. അച്ചുതൻ :
ശ്രീ.. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി. റാങ്കലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;